ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട ആലുവ നിയോജക മണ്ഡലത്തിലെ അംഗം ഇവിടെ ചോദ്യം ചോദിച്ചപ്പോൾ മുത്തൂറ്റുമായി ബന്ധപ്പെട്ട സമരം ഒത്തുതീർപ്പാക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മുൻകയ്യെടുക്കണമെന്നും ഈ സമരം നിലനിന്നാൽ സംസ്ഥാനത്ത് സൗഹൃദാന്തരീക്ഷമല്ലായെന്നുള്ള മെസേജ് പുറത്തേയ്ക്ക് പോകും....(ബഹളം)..... എന്നാൽ നിങ്ങൾ പറയൂ. ..(ബഹളം).....

മി. സ്പീക്കർ: പ്ലീസ്....അങ്ങ് പറയൂ. അങ്ങ് ക്രമപ്രശ്നം പറയൂ..... (ബഹളം)..... അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ പറയൂ.

ശ്രീ. വി. ഡി. സതീശൻ: ...(ബഹളം)..... ഞാൻ പറയാതെ ഇരിക്കില്ല.

(ഭരണ-പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് ബഹളംവച്ചു)

മി. സ്പീക്കർ: ...(ബഹളം)..... ശ്രീ. പി. ടി. തോമസ് ഇരിക്കൂ. ...(ബഹളം).....

ശ്രീ. വി. ഡി. സതീശൻ: ...(ബഹളം)..... ഞാൻ പറഞ്ഞുകഴിയാതെ ഇരിക്കില്ല.

മി. സ്പീക്കർ: അങ്ങ് പറയൂ. അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ പറയൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അതല്ലേ പറയുന്നത്. (ബഹളം)..... പറയാൻ എന്നെ അനുവദിക്കണം. അക്രമ സമരങ്ങളിലേയ്ക്ക് പോകരുതെന്നും അക്രമ സമരങ്ങളുണ്ടാകുന്നത് മോശമായ മെസേജ് പുറത്തേയ്ക്ക് നൽകുമെന്നുമാണ്. ...(ബഹളം)..... സംസാരിക്കാതെയിരുന്നാൽ ഞാൻ പറയും. ഞാൻ പറയാതെ ഇരിക്കില്ല. അങ്ങ് എന്നെ നിർബന്ധിക്കുകയും വേണ്ട.

മി. സ്പീക്കർ: നിങ്ങൾ നിശബ്ദരായിരിക്കൂ. അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, മുതലാളിമാർ വന്ന് തൊഴിലാളികളുടെ സമരപ്പന്തൽ കത്തിച്ചുവെന്ന് തൃപ്പൂണിത്തുറ നിയോജക മണ്ഡലം എം.എൽ.എ. പറഞ്ഞു. അപ്പോൾ അക്രമമുണ്ടല്ലോ; രണ്ടു ഭാഗത്തുനിന്നും അക്രമമുണ്ടല്ലോ; (ബഹളം)..... നിങ്ങളാരാ മിസ്റ്റർ ഞാൻ സ്പീക്കറോടല്ലേ സംസാരിക്കുന്നത്? ..... ..(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ ഡെപ്യൂട്ടി സ്പീക്കറുടെ ഇരിപ്പിടത്തിന് സമീപം നിന്ന് ബഹളം വച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ: അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ പറയൂ....(ബഹളം)..... നിശബ്ദരായിരിക്കൂ. അങ്ങേയ്ക്ക് ഉന്നയിക്കാം. പ്ലീസ്.. ഇരിക്കൂ. ശ്രീ. വി. ഡി. സതീശന് ഉന്നയിക്കാനുള്ളത് ഉന്നയിക്കാം. ഇരിക്കൂ ...(ബഹളം)..... ഇരിക്കൂ. മാന്യതയെക്കുറിച്ച് ലോകം മുഴുവൻ കാണുന്നുണ്ട്. എന്തിനാണ് ഈ ബഹളമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പ്ലീസ്.. ഇരിക്കൂ....(ബഹളം)..... ബഹുമാനപ്പെട്ട ആലുവ നിയോജക മണ്ഡലം അംഗം പറഞ്ഞതും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതും നമ്മളെല്ലാവരും കേട്ടു. എന്താണ് പറഞ്ഞതെന്ന് എല്ലാവർക്കും വ്യക്തതയുണ്ട്. എന്തിനാണ് അത് ഇനി പരസ്പരം വിശദീകരിക്കുന്നത്. പ്ലീസ് ...(ബഹളം)..... നിങ്ങൾ സീറ്റിൽ പോകുന്നുണ്ടോ? സീറ്റിലേയ്ക്ക് പോകൂ. പ്ലീസ്.. ഇരിക്കൂ. (പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെ പോയി) ശ്രീ. വി. ഡി. സതീശന് ക്രമപ്രശ്നം ഉന്നയിക്കാനുണ്ടെങ്കിൽ അത് പറയൂ.

ശ്രീ. വി. ഡി. സതീശൻ: സർ, എന്തിനാണ് എന്നെ അങ്ങ് ഭീഷണിപ്പെടുത്തുന്നത്?

മി. സ്പീക്കർ: ഭീഷണിപ്പെടുത്തുന്നതല്ല, സംസാരിക്കാൻ പറഞ്ഞതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്ക് സംസാരിക്കാൻ അനുവാദം നൽകുണ്ടേ?

മി. സ്പീക്കർ: അങ്ങേയ്ക്കാണല്ലോ മൈക്കുള്ളത്?

ശ്രീ. വി. ഡി. സതീശൻ: അങ്ങല്ലേ എനിക്ക് പ്രൊട്ടക്ഷൻ തരേണ്ടത്. ആദ്യം അങ്ങ് അവരെ ഇരുത്തു.

മി. സ്പീക്കർ: അങ്ങയുടെ പിറകിൽ നിന്ന് കുറേപേർ ബഹളം വയ്ക്കുന്നതിൽ അങ്ങേയ്ക്ക് പരാതിയില്ലല്ലോ?

ശ്രീ. വി. ഡി. സതീശൻ: അതിലും പരാതിയുണ്ട്.

മി. സ്പീക്കർ: അവരും ഇരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: ഞാൻ ഇത് പറയാതെ ഇരിക്കില്ല.

മി. സ്പീക്കർ: എല്ലാവർക്കും അവകാശമുണ്ട്. അങ്ങേയ്ക്കും അവകാശമുണ്ട്. അങ്ങേയ്ക്ക് മൈക്ക് തന്നിട്ടുണ്ട്. അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറഞ്ഞത്, ഈ വിഷയത്തിൽ ഏതെങ്കിലും കക്ഷിപിടിച്ചുകൊണ്ടല്ല ശ്രീ. അൻവർ സാദത്ത് സംസാരിച്ചത് എന്നാണ്. ഈ സമരം ഒത്തുതീർപ്പാക്കുന്നതിന് സർക്കാർ

മുൻകയ്യെടുക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറഞ്ഞപ്പോൾ മുതലാളിത്തത്തെ കൂട്ടുപിടിച്ച് ഞങ്ങൾ ചെയ്യുന്ന എന്നുള്ള രീതിയിലാണ് ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ നിയോജക മണ്ഡലം അംഗം പറഞ്ഞത്. വളരെ ദുരദ്ദേശ്യപരമായ പ്രയോഗങ്ങളാണ് അവ. അത് സഭാരേഖയിൽ നിന്ന് നീക്കം ചെയ്യണം. കാരണം അങ്ങനെയൊരു നിലപാട് ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്തിനോ പ്രതിപക്ഷത്തിനോ ഇല്ല. ഞങ്ങൾ ഈ സമരത്തിൽ ഒരു കക്ഷിയും പിടിച്ചിട്ടില്ല. അക്രമ സമരങ്ങൾ ഉണ്ടായിയെന്ന വാർത്ത പത്രങ്ങളിൽ വന്നതാണ്. ഇരുഭാഗത്തും അക്രമങ്ങളുണ്ടായിട്ടുണ്ട്. മാത്രമല്ല ഇക്കാര്യത്തിൽ ഏതെങ്കിലുമൊരു നിലപാട് മുതലാളിക്കനുകൂലമായോ മുത്തൂറ്റിന് അനുകൂലമായോ ഞങ്ങൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. പക്ഷേ ഈ സമരം ഇങ്ങനെ പോകുന്നത് കേരളത്തിന് നല്ലതല്ല.

മി. സ്പീക്കർ: അങ്ങ് ഉന്നയിച്ച കാര്യം പരിശോധിക്കാം.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ. മുത്തൂറ്റിലെ സമരത്തെ സംബന്ധിച്ച് ഇന്നിവിടെ നടന്ന ചോദ്യങ്ങളും ഉത്തരങ്ങളും പോയിന്റ് ഓഫ്

ഓർഡർ ഉന്നയിക്കുകയും ചെയ്ത വിഷയത്തിലും ബഹുമാന്യനായ പറവൂർ നിയോജക മണ്ഡലം അംഗം പറഞ്ഞത് ഇരുഭാഗത്തുമുള്ള അക്രമം എന്നാണ്. 71 ദിവസം നീണ്ടുനിൽക്കുന്ന സമരത്തിൽ ഈ നിമിഷംവരെ സമരത്തിൽ അണിനിരക്കുന്ന ഒറ്റ തൊഴിലാളിയുടെ പേരിലും ഒരു അക്രമത്തെ സംബന്ധിച്ച പരാതിയോ കേസോ ഇല്ല. അപ്പോൾ ഇരുഭാഗത്തുമുള്ള അക്രമം എന്ന് പറയുമ്പോൾ അത് സമാധാനപരമായി പട്ടിണികിടന്ന് സമരം ചെയ്യുന്ന തൊഴിലാളികള അപമാനിക്കുന്നതാണ്. തെറ്റിദ്ധരിപ്പിക്കുന്ന ഇത്തരത്തിലുള്ള പരാമർശം രേഖയിൽ നിന്നും നീക്കണമെന്നതാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: രണ്ട് ബഹുമാന്യരായ അംഗങ്ങളും ഉന്നയിച്ച കാര്യം പരിശോധിക്കാം. +

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ....

മി. സ്പീക്കർ: ഇല്ല ഇനി പോയിന്റ് ഓഫ് ഓർഡർ ഇല്ല. എന്താണ് പോയിന്റ് ഓഫ് ഓർഡർ. പോയിന്റ് ഉണ്ടായിരിക്കണം.

---

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ.നം.1752/ഇ.ബി./2020/നി.സെ. തീയതി 12.03.2020) പ്രകാരം രേഖയിൽ നിലനിർത്തി)

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ മുത്തൂറ്റ് സമരത്തിൽ പ്രതിപക്ഷം കക്ഷി പിടിച്ചിട്ടില്ല. പക്ഷേ കട്ടപ്പനയടക്കം കേരളത്തിന്റെ പല ഭാഗങ്ങളിലും തൊഴിലാളികളെ സി.ഐ.ടി.യു.-വിന്റെ ആളുകൾ ക്രൂരമായി ആക്രമിച്ചു. എന്ത് നടപടിയാണെടുത്തത്? എന്നിട്ട് കേസില്ലെന്ന് പറയുന്നു. കേസെടുക്കേണ്ടത് ആരാണ്?

മി. സ്പീക്കർ: അങ്ങ് പോയിന്റ് ഓഫ് ഓർഡർ പറഞ്ഞിട്ട് എപ്പോഴും പ്രസംഗിക്കുകയാണ് ചെയ്യുന്നത്. സ്വന്തം വാദമുഖങ്ങൾ ഉന്നയിക്കാനുള്ള അവസരമല്ല പോയിന്റ് ഓഫ് ഓർഡർ. ഇരിക്കൂ. പ്ലീസ്..